

സുഹൈൽ വല്ലാഞ്ചിറയും അനുപ്രശോഭും

കാലത്തിനൊത്ത വീട്

സ്വാസ്ഥ്യം ഉറപ്പാക്കി ഒരുക്കിയ
മിശ്രിത ശൈലീ ഭവനം

ടെക്സ്റ്റ്:
ടീം ഡിസൈനർ

ഫോട്ടോഗ്രഫി
ടർട്ടിൽ ആർട്സ് ഫോട്ടോഗ്രഫി


കോഴിക്കോട് ജില്ലയിലെ ഒരു പ്രവാസി കുടുംബത്തിന് വേണ്ടി 4440 സ്ക്വയർ ഫീറ്റിൽ ഒരുക്കിയ വസതിയാണിത്. മലബാർ ഭാഗത്തെ പഴയകാല തറവാടുകളുടെ മാതൃകയിലാണ് ആർക്കിടെക്ചറൽ ഡിസൈനർമാരായ സുഹൈൽ വല്ലാഞ്ചിറയും അനുപ്രശോഭും (ഏക ആർക്കിടെക്ചറൽ സ്റ്റുഡിയോ, മഞ്ചേരി) ഈ ഇരുനില വീട് രൂപകല്പന ചെയ്തത്. വീടിന്റെ L ഷേപ്പിൽ ഉള്ള ഘടനയ്ക്ക് പരമ്പരാഗത കേരളീയ ശൈലിയുമായി അഭേദ്യ ബന്ധമുണ്ട്. വെയിലിന്റെ തീക്ഷ്ണതയ്ക്ക് തടയിട്ടു കൊണ്ട് സൂര്യപ്രകാശത്തെയും ശുദ്ധവായുവിനെയും അകത്തേക്കാനയിക്കാനാണ് തെക്കോട്ട് ദർശനമായ പ്ലോട്ടിലുള്ള വീടിന്റെ മുൻവശത്ത് വലിയ തുറസ്സുകൾ പരമാവധി കുറച്ച് സാധ്യമായ ഇടങ്ങളിലെല്ലാം വൃത്തമാതൃകകൾ ഉൾപ്പെടുത്തിയത്. ഡബിൾ ഹൈറ്റ് ഭിത്തിയിൽ, പൂമുഖത്തേതടക്കമുള്ള വാതിലുകളിൽ



എന്നിങ്ങനെ പലയിടത്തും വൃത്തമാതൃകകൾ സാന്നിധ്യമറിയിക്കുന്നുണ്ട്. ചൂട് വായുവിനെ പുറന്തള്ളാനുതകുന്ന മെഷാണ് ഡബിൾ ഹൈറ്റ് ഏരിയയിലെ വൃത്തമാതൃകകൾക്കകത്തുള്ളത്. ടഫൻഡ് ഗ്ലാസിട്ട് മറ്റിടങ്ങളിലെ തുറസ്സുകളും ആകർഷകമാക്കി. പരമ്പരാഗത തനിമയുടെ ലാളിത്യമാണ് പൂമുഖത്ത് നിറയുന്നത്. ലിവിങ് സ്പേസുകളിലും ഡൈനിങ്ങിലും നൽകിയ വലിയതുറസ്സുകളും വലിപ്പമേറിയ ജനലുകളും ശുദ്ധവായുവും സൂര്യപ്രകാശവും പരമാവധി അകത്ത് എത്തിച്ചുകൊണ്ട് സ്വാസ്ഥ്യം ഉറപ്പുവരുത്തുന്നു. മിതത്വത്തിന്റെ ലളിത സൗന്ദര്യവും നേർരേഖകൾ പകരുന്ന കൃത്യതയുമാണ് 22 സെന്റ് പ്ലോട്ടിലുള്ള ഈ വീടിനെ

പൂമുഖം:
ഇൻബിൽറ്റ് സീറ്റിംഗ് കം ഷൂറാക്കും വുഡൻ ചെയറുകളുമാണ് പൂമുഖത്തുള്ളത്. തടിയിൽ തീർത്ത പൂമുഖ വാതിലിൽ സർക്കുലർ ഓപ്പണിങ്ങുകൾ നൽകിയത് വ്യത്യസ്തതയാണ്





എക്സ്റ്റീരിയർ:
പരമ്പരാഗത സമകാലിക ശൈലികൾ സമന്വയിക്കുന്ന മിശ്രിത ശൈലിയിലാണ് പുറം കാഴ്ച. പൂമുഖത്തെ ഡബിൾ ഹൈറ്റ് സ്പേസിൽ നൽകിയ ഗ്ലാസും ഡബിൾ ഹൈഡ് ലിവിങ്ങിന്റെ പുറംഭിത്തിയിലുള്ള വൃത്തമാതൃകയിലുള്ള തുറസ്സുകളും എക്സ്റ്റീരിയറിന്റെ ചാരുതയേറ്റാൻ ഉതകുന്നുണ്ട്. ഹരിതബിംബങ്ങൾ സമൃദ്ധമായി ഉൾപ്പെടുത്തിയും ഡ്രൈവ് വേയിൽ പേവിങ് ടൈലുകൾ പാകിയും ലാൻഡ്സ്കേപ്പും ആകർഷകമാക്കി. ബഫല്ലോ ഗ്രാസ് നട്ടും പേവിങ് ടൈൽ പാകിയും പാഷ്യോയുടെ മുൻവശവും ഭംഗിയാക്കിയിട്ടുണ്ട്. ഡൈനിങ്ങിന് അനുബന്ധമായുള്ള പാഷ്യോയിലുള്ള മാവ് തറകെട്ടി സംരക്ഷിച്ചതും കിടപ്പുമുറികളുടെ വശത്തെ ഭിത്തിയിൽ റാൻഡം റബിൾ മേസണറി ചെയ്തതും എടുത്തു പറയത്തക്കതാണ്.







^
ഫോർമൽ ലിവിങ്:
ഹാൻഡ് പിക്ഡ് പെയിന്റിങ്ങിന്റെ
സാന്നിധ്യം ഫോർമൽ ലിവിങ്ങിനെ കൂടുതൽ
ആകർഷകമാക്കുന്നു. ലെതർ ഫിനിഷ്
സോഫകൾ ആണ് ഇരിപ്പിടങ്ങൾ. കോഫി ടേബിൾ
വുഡ് മെറ്റൽ കോമ്പിനേഷനിലാണ്. ഇവിടുത്തെ
ഹരിത സാന്നിധ്യവും ശ്രദ്ധേയമാകുന്നു

വീടിന്റെ മുൻവശത്ത് വലിയ തുറസ്സുകൾ
പരമാവധി കുറച്ച് സാധ്യമായ ഇടങ്ങളിലെല്ലാം
വൃത്തമാതൃകകൾ ഉൾപ്പെടുത്തിയത്
വ്യത്യസ്തതയാണ്



^

ഡൈനിങ്:
സോളിഡ് വുഡൻ ടേബിളും വുഡ് ലെതർ കോമ്പിനേഷൻ ചെയറുമാണ് ഡൈനിങ്ങിലുള്ളത്. ക്രോക്കറി ഷെൽഫ് കം ടിവി യൂണിറ്റാണ് ഡൈനിങ്ങിനെയും ഫാമിലി ലിവിങ്ങിനേയും പ്രതീകാത്മകമായി വേർതിരിക്കുന്നത്.

വാഷ് ഏരിയ:
ഇരട്ടക്കണ്ണാടികളുടെയും ഇരട്ട വാഷ്ബേസിനുകളുടെയും സാന്നിധ്യമാണ് വാഷ് ഏരിയയെ വ്യത്യസ്തമാക്കുന്നത്. ഭിത്തിയിൽ ടൈൽ ക്ലാഡിങ് ചെയ്തും ഫ്ളവർ പോട്ട് ഉൾപ്പെടുത്തിയും ഇവിടം കൂടുതൽ ആകർഷകമാക്കിയിട്ടുണ്ട്.


v







ലിവിങ് സ്പേസുകളിലും ഡൈനിങ്ങിലും നൽകിയ
വലിയതുറസ്സുകളും വലിപ്പമേറിയ ജനലുകളും
ശുദ്ധവായുവും സൂര്യപ്രകാശവും പരമാവധി അകത്ത്
എത്തിച്ചുകൊണ്ട് സ്വാസ്ഥ്യം ഉറപ്പുവരുത്തുന്നു








^
ഗസ്റ്റ് ബെഡ്റൂം:
ബാൽക്കണി ഉൾപ്പെടുത്തി മുകൾ നിലയിൽ ഒരുക്കിയ കിടപ്പുമുറി. ഹെഡ് ബോർഡിൽ ലെതർ പാനലിങ് ചെയ്ത തടിക്കട്ടിലാണ് ഇവിടെയുള്ളത്. ഹാങ്ങിങ് ലൈറ്റ്, ഹാൻഡ് പിക്ക്ഡ് പെയിന്റിങ് എന്നിവയാണ് മറ്റ് ഡിസൈൻ എലമെന്റുകൾ.

ശ്രദ്ധാകേന്ദ്രമാക്കുന്നത്. പബ്ലിക്, സെമി പ്രൈവറ്റ്, പ്രൈവറ്റ് എന്നിങ്ങനെ വിവിധ സോണുകളായാണ് ഇവിടുത്തെ അകത്തള വിന്യാസം. പൂമുഖവും ഡബിൾ ഹൈറ്റ് ഫോർമൽ ലിവിങ്ങുമാണ് പബ്ലിക് സോണിൽ വരുന്നത്. ചൂട് വായുവിനെ പുറന്തള്ളി അകത്തളാന്തരീക്ഷം ഊഷ്മളമാക്കുക എന്ന ഉദ്ദേശ്യത്തോടെ നൽകിയ ജലാശയത്തിന് മുകളിലുള്ള പാലമാണ് വിവിധ സോണുകളെ പ്രതീകാത്മകമായി വേർതിരിക്കുന്നത്. പ്രെയർ സ്പേസ്, ഫാമിലി ലിവിങ്, ഡൈനിങ്, വാഷ് ഏരിയ, കോമൺ ടോയ്ലറ്റ് എന്നിവയാണ് സെമി പ്രൈവറ്റ് സോണിലുള്ളത്. വർക്ക് ഏരിയ, യൂട്ടിലിറ്റി സ്പേസ്, കിച്ചൻ, സർവന്റ്സ് റൂം,


പ്രത്യേക ഡ്രസിങ് ഏരിയയോട് കൂടിയ അഞ്ച് ബാത് അറ്റാച്ച്ഡ് ബെഡ്റൂമുകൾ എന്നിവ പ്രൈവറ്റ് സോണിലും ഉൾക്കൊള്ളിച്ചു. പൂമുഖവും ഫോർമൽ ലിവിങ്ങും ഡബിൾ ഹൈറ്റിലാക്കിയതിനൊപ്പം കിടപ്പുമുറികളുടെ പരന്ന മേൽക്കൂരയ്ക്ക് മുകളിൽ ട്രസ് വർക്ക് ചെയ്ത് ഓട് വിരിക്കുകയും ചെയ്തു. വുഡൻ സീലിങ് ചെയ്തും മേൽക്കൂരയിൽ ക്ലേ റൂഫ് ടൈൽ പതിച്ചുമാണ് പൂമുഖവും ഫോർമൽ ലിവിങ്ങും ആകർഷകമാക്കിയത്. പൂമുഖ വാതിലിലൂടെയെന്ന പോലെ ഡൈനിങ്ങിനനുബന്ധമായ പാഷ്യോയിലൂടെയും ഇവിടേക്കെത്താം. പ്ലോട്ടിലുണ്ടായിരുന്ന മാവ് പാഷ്യോയുടെ ഭാഗമാക്കി നിലനിർത്തിയത് അനുകരണീയമാണ്. കിടപ്പുമുറികളിലേക്ക് നയിക്കുന്ന ഇടനാഴി തുടങ്ങുന്നിടത്താണ് ഗോവണി നിർമ്മിച്ചിരിക്കുന്നത്. പ്രായമായവരുടെ സൗകര്യം പരിഗണിച്ച് ഗോവണിക്കഭിമുഖമായി തന്നെ ലിഫ്റ്റും സ്ഥാപിച്ചു. പരമ്പരാഗത സമകാലിക വാസ്തുബിംബങ്ങൾ സമന്വയിക്കുന്ന ഈ നിർമ്മിതി അനായാസം പരിപാലിക്കാവുന്നതും താമസക്കാരുടെ സ്വാസ്ഥ്യത്തിന് പ്രഥമ പരിഗണന നൽകുന്നതുമാണെന്ന് നിസ്സംശയം പറയാം. ■



ഉപയോക്താക്കളുടെ അഭിരുചിക്കൊത്ത് വ്യത്യസ്ത തീമുകളിലാണ് കിടപ്പുമുറികൾ ഒരുക്കിയിരിക്കുന്നത്

മാസ്റ്റർ ബെഡ്റൂം:
ജനാല ഉൾപ്പെടുത്തിയും വേനീർ ലാമിനേറ്റ് കോമ്പിനേഷൻ പാനലിങ് ചെയ്തും ഹെഡ്സൈഡ് വാളും ലെതർ പാനലിങ് ചെയ്ത് ഹെഡ് ബോർഡും ആകർഷകമാക്കി. പെൻഡന്റ് ലൈറ്റ്, വുഡൻ ചെയർ, സൈഡ് ടേബിൾ, ഹരിത ബിംബം എന്നിവയും ഇവിടെ ഇടം നേടി.
V






LEGENDS

1 SITOUT
2 FORMAL LIVING
3 PRAYER
4 DINING
5 WASH
6 COMMON TOILET
7 FAMILY LIVING
8 PANTRY
9 KITCHEN
10 MAID ROOM
11 WORK AREA
12 UTILITY AREA
13 BEDROOM
14 MASTER BEDROOM
15 TOILET
16 DRESS
17 WATER BODY

GROUND FLOOR PLAN



PROJECT DETAILS	
Designers	Anu Prashob and Suhail Vallanchira. Eka architectural studio Manjeri Malappuram
Location	Calicut
Year of Completion	2026
Site Area	22 cent
Built Area	4440 sqft



LEGENDS

13 BEDROOM
15 TOILET
16 DRESS
18 HOME THEATER
19 OPEN TERRACE

FIRST FLOOR PLAN

കിച്ചൻ:
സർക്കുലർ പാറ്റേണുകൾ ഉൾപ്പെടുത്തിയ സ്റ്റൈഡിങ് ഡോർ ആണ് കിച്ചനിൽ ഉള്ളത്. ഐലന്റ് ഏരിയയിൽ ഫ്ളൂട്ടഡ് പാനലിങ് ചെയ്ത ബ്രേക്ക് ഫാസ്റ്റ് കൗണ്ടർ ഉൾപ്പെടുത്തിയത് ശ്രദ്ധേയമാണ്. ഫുൾ ബോഡി ടൈലും ഗ്രാനൈറ്റുമാണ് കൗണ്ടർ ടോപിലുള്ളത്. കിച്ചനിലെ ക്യാബിനറ്റുകൾ പ്ലൈവുഡിൽ തീർത്തവയാണ്. മാറ്റ് ഫിനിഷ് ടൈൽ ഒട്ടിച്ച് ബാക്ക് സ്പ്ലാഷും ആകർഷകമാക്കി. ഫ്ളൂട്ടഡ് ഗ്ലാസ് പാനലിങ് ചെയ്ത് ക്രോക്കറി യൂണിറ്റ് ആകർഷകമാക്കിയതും ശ്രദ്ധേയമാണ്.

